പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2235 — 5.12.2018 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ പുനരധിവാസ വില്ലേജ്

ചോദ്യം — മറുപടി

ശ്രീ.കെ.കുഞ്ഞിരാമൻ — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ എതുവരെയായെന്ന് വിശദമാക്കാമോ; | (എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ധ ആരോഗ്യ പരിപാലനം, ഷോർട്ട് സ്റ്റേ, മാനസിക വികസനത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും പ്രവർത്തനാനുമതിയും നൽകുകയും ചെയ്തിട്ടുണ്ട്.<br>ഈ വിഷയത്തിൽ 20.3.2018 ന് ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വില്ലേജിനായി പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് തീരുമാനമായിരുന്നു. തുടർന്ന് പുനരധിവാസ ഗ്രാമത്തിന്റെ രൂപകൽപ്പന കോഴിക്കോട് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ച് കൊണ്ട് ഉത്തരവാക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.<br>അതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ പുനരധിവാസ വില്ലേജിന്റെ രൂപകൽപ്പന, നിർമ്മാണം എന്നിവ സംബന്ധിച്ച സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി<br>ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ സാമൂഹ്യനീതി |

| | |
|---|---|
| | ഡയറക്ടർ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 28.7.2018 ൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളിലായാണ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ചുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത പുനരധിവാസ വില്ലേജ് പ്രാവർത്തികമാക്കുന്നത് കാസർഗോഡ് ജില്ലാ കളക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, സാമൂഹ്യനീതി വകുപ്പ് എന്നിവരുടെ മേൽനോട്ടത്തിലാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന്റെ സഹായത്തോടുകൂടി പ്രസ്തുത പദ്ധതിയ്ക്കുള്ള ചെലവുകൾ (ഉപകരണങ്ങൾ, തുടർ ചെലവുകൾ എച്ച്. ആർ.ഇ) തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) നിലവിൽ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി 5 കോടി രൂപ ജില്ലാ കളക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. സ.ഉ(പി)നം.51/2018/ധന തീയതി 28.3.2018 പ്രകാരം ജില്ലാ കളക്ടറുടെ പേരിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് തുക പിൻവലിച്ചതിൽ പ്രസ്തുത തുകയും ഉൾപ്പെട്ടിരുന്നു. |
| (സി) പദ്ധതി പ്രകാരം എന്തൊക്കെ സജ്ജീകരണങ്ങളാണ് എൻഡോസൾഫാൻ വില്ലേജിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) വിശദമായ ഡി.പി.ആർ തയ്യാറാക്കി വരികയാണ്. പ്രസ്തുത സംവിധാനത്തിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ധ ആരോഗ്യ പരിപാലനം. ഷോർട്ട് സ്റ്റേ. മാനസിക വികസനത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) കോഴിക്കോട് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ